**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **01-02-2024 - ൽ മറുപടിയ്ക്ക്**

**പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ആനക്കയം കുട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം വിട്ടുകൊടുത്ത ഭൂവുടമകൾക്ക് നഷ്ടപരിഹാരം ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നു മുതലാണ് ഭൂവുടമകൾ സ്ഥലം വിട്ടുനൽകിയത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മലപ്പുറം ജില്ലയിൽ ആനക്കയം, കുട്ടിലങ്ങാടി വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനല്കിയ **23** ഭൂവുടമകൾക്ക് **67,55,459/- രൂപ** നഷ്ടപരിഹാരം നല്കുവാനുണ്ട്. 17/05/2010 തീയതിയിൽ ഭൂവുടമകൾ പൊതുമരാമത്ത് വകുപ്പിന് മുൻകൂറായി വിട്ടുകൊടുത്തത് പ്രകാരം 28/12/2013-ന് പാലം പണി പൂർത്തീകരിച്ച് റോഡ് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. |
| (ബി) | സ്ഥലം വിട്ടുകൊടുത്ത് ദീർഘനാളായിട്ടും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തതാണ് ഇത്തരമൊരു സ്ഥിതിവിശേഷത്തിന് ഇടയാക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യാൻ എന്നത്തേക്ക് കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (ബി) | **02/07/2019** തീയതിയിലെ LA2-76114/12 നമ്പർ നടപടിക്രമ പ്രകാരം **67,55,459/- രൂപയുടെ** വിശദ വില വിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. അത് പ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് അടിയന്തിരമായി ലഭ്യമാക്കുതിനായി മഞ്ചേരി PWD നിരത്തുകൾ വിഭാഗം എക്സി.എഞ്ചിനീയർ, PWD ചീഫ് എഞ്ചിനീയർ, സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് (ഡി) വകുപ്പ് എന്നിവർക്ക് യഥാസമയം നിർദ്ദേശം നൽകിയിരുന്നതാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയാത്തത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമായാൽ ഉടൻ തന്നെ ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ